# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-2988 13.07.2015-ൽ മറുപടിക്ക്

### മുൻ ചീഫ് സെക്രട്ടറി സി.പി.നായർ വധശ്രമക്കേസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം.എ.ബേബി | | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി. | |
| (എ) | മുൻ ചീഫ് സെക്രട്ടറി സി.പി.നായർ വധശ്രമകേസ് പിൻവലിക്കുന്നതിനുള്ള തീരുമാനം എടുത്ത ആഭ്യന്തര വകുപ്പിന്റെ ഫയലിൽ അന്തിമമായി അംഗീകാരം നൽകിയത് ആരാണ്; ഏത് സാഹചര്യത്തിലാണിപ്രകാരം തീരുമാനം എടുത്തിരുന്നത് ; | (എ) | മുഖ്യമന്ത്രി;<br>ശ്രീ.ജ്യോതിപ്രസാദ് @ വെട്ടൂർ ജ്യോതിപ്രസാദ് സമർപ്പിച്ച അപേക്ഷയിന്മേൽ നിയമ വകുപ്പിന്റെയും ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെയും അഭിപ്രായം ആരാഞ്ഞശേഷം പൊതുതാത്പര്യത്തിന് വിരുദ്ധമല്ലെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടതിനാൽ കോടതിയുടെ അനുമതിയോടെ പിൻവലിക്കുന്നതിന് നിരാക്ഷേപപത്രം നൽകിയിട്ടുള്ളതാണ്. |
| (ബി) | ശ്രീ.സി.പി.നായർ ഇതിനായി ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നുവോ;<br>ശ്രീ.സി.പി.നായർ കേസ് പിൻവലിക്കരുതെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രിയ്ക്ക് അപേക്ഷ നൽകിയിട്ടുണ്ടായിരുന്നുവോ; | (ബി) | ശ്രീ.സി.പി.നായർ, കേസ് പിൻവലിക്കരുതെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രിയ്ക്ക് അപേക്ഷ നൽകിയിരുന്നു. |
| (സി) | കോടതിയിൽ കുറ്റപത്രം സമർപ്പിച്ചത് ഏത് തീയതിയിലായിരുന്നു; വിചാരണ പൂർത്തിയായിട്ടുണ്ടായിരുന്നുവോ; പ്രതികൾക്കെതിരായ കുറ്റങ്ങൾ എന്തെല്ലാമായിരുന്നു; വിശദമാക്കുമോ? | (സി) | 1. കുറ്റപത്രം സമർപ്പിച്ചത് 31.01.2008.ൽ<br>2. SC 333/2011 നമ്പരായി പത്തനംതിട്ട അഡീഷണൽ ഡിസ്ട്രിക്ട് സെഷൻസ് കോടതി -4 മുമ്പാകെ വിചാരണ നടന്ന് വരികയാണ്. |

(PTO)

3. Sec.143, 147, 148, 120(b), 324, 332, 333, 342, 427, 307 r/w 149 IPC Sec.3(2) (e) of PDPP Act 1984 എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ.

പത്തനംതിട്ട മലയാലപ്പുഴ ദേവീക്ഷേത്രത്തിൽ ശതകോടി അർച്ചന നടത്തുന്നതിന് ദേവസ്വം കമ്മീഷണറും മറ്റും എതിർത്തു എന്ന് ധരിച്ച് പ്രതികൾ, ഗൂഢാലോചന നടത്തി ന്യായ വിരോധമായി സംഘം ചേർന്ന് ദേവസ്വം കമ്മീഷണർ ശ്രീ.സി.പി.നായരേയും മറ്റും അന്യായ തടങ്കൽ ചെയ്തു കൊലപ്പെടുത്താൻ ശ്രമിക്കുന്നതും കണ്ട് ആയതിൽ നിന്നും പ്രതികളെ പിന്തിരിപ്പിക്കാൻ ശ്രമിച്ച പോലീസുദ്യോഗസ്ഥന്മാരേയും കല്ലും സോഡാക്കുപ്പികളും കൊണ്ട് എറിഞ്ഞ് പരിക്കേൽപ്പിച്ച് കൊലപ്പെടുത്താൻ ശ്രമിച്ചും അവരുടെ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിന് തടസ്സം ചെയ്തും സർക്കാർ വാഹനങ്ങൾക്കും ദേവസ്വം ബോർഡ് വാഹനങ്ങൾക്കും കേടുപാട് വരുത്തി 3 ലക്ഷം രൂപയുടെ നഷ്ടം സംഭവിപ്പിച്ചും സംഭവ സ്ഥലത്തിന് സമീപമുള്ള കടകൾക്കും വീടുകൾക്കും ക്ഷേത്രത്തിന്റെ സദ്യാലയത്തിനും മറ്റും കേടുപാടുകൾ സംഭവിപ്പിച്ചും പ്രതികൾ തങ്ങളുടെ ഉദ്ദേശകാര്യ സാധ്യത്തിനു വേണ്ടി പ്രവർത്തിച്ചു എന്നതാണ് കേസിനാസ്പദമായ സംഗതി.

Beena H

സെക്ഷൻ ഓഫീസർ